⇨ പ്രതിസന്ധികൾ വരുമ്പോഴെല്ലാം പ്രതിരോധ പ്രസ്ഥാനത്തിന്റെ രൂപത്തിലാണ് നമ്മൾ ഇടപെടാറുള്ളത് ⇨

## പൗരത്വ നിയമം:

# മുസ്ലീം വിരുദ്ധതയുടെ വേരുകളും ഭരണഘടനയുടെ ധാർമ്മികതയും

പൗരത്വഭേദഗതിയുമായി ബന്ധപ്പെട്ട് നമ്മൾ യഥാർത്ഥത്തിൽ ചർച്ച ചെയ്യേണ്ട കാര്യം ഈ മുസ്ലീം വിരുദ്ധതയുടെ വേരുകൾ അന്വേഷിക്കുക എന്നതാണ്. ആ അന്വേഷണം നമ്മളെ എത്തിക്കുന്നത് ഇന്ത്യൻ ബ്രാഹ്മണ്യത്തിന്റെ തത്വബോധത്തിലേക്കും സാമൂഹ്യബോധത്തിലേക്കുമാണ്. ഇന്ത്യയിലെ മുസ്ലീങ്ങൾ ഭീകരമായ എന്തെങ്കിലും കുഴപ്പമുണ്ടാക്കിയിട്ടല്ല മുസ്ലീങ്ങൾക്കെതിരായ ഒരു വിവേചനത്തെ ഭരണകൂടം തന്നെ മുൻകൈയെടുത്ത് എസ്റ്റാബ്ലിഷ് ചെയ്യാൻ ശ്രമിക്കുന്നത്.

**സണ്ണി എം. കപിക്കാട്**

ജനാധിപത്യ രാഷ്ട്രീയ സമ്മേളനം
ഉദ്ഘാടനം ചെയ്തുകൊണ്ട്
2019 ഡിസംബർ 23ന്
തൃശൂരിൽ നടത്തിയ പ്രഭാഷണം

70 വർഷത്തെ ഭരണഘടനാ ജീവിതമുള്ള ഒരു ജനതയാണ് ഇന്ത്യയിലേത്. ഈ എഴുപതാം വർഷം നമ്മൾ കാണുന്ന കാഴ്ച ഇന്ത്യയിലെമ്പാടും വിദ്യാർത്ഥികളും, സ്ത്രീകളും, ദലിതരും, ന്യൂനപക്ഷങ്ങളുമെല്ലാം ഒരുമിച്ച് 'സേവ് ദ കോൺസ്റ്റിറ്റ്യൂഷൻ' എന്ന മുദ്രാവാക്യം മുഴക്കുന്നതാണ്. 70 വർഷത്തെ ഭരണഘടനാ ജീവിതത്തിന് ശേഷം ഇന്ത്യൻ ജനതയ്ക്ക് അഭിമുഖീകരിക്കേണ്ടി വന്ന യാഥാർത്ഥ്യം ഭരണഘടന അപകടത്തിൽപ്പെട്ടിരിക്കുന്നു എന്നതാണ്. ഇത് ഒരു ചെറിയ പ്രതിസന്ധിയല്ല എന്നതാണ് പൗരത്വ ഭേദഗതി നിയമവും പൗരത്വ രജിസ്റ്ററുമായി ബന്ധപ്പെട്ട് നമ്മുടെ ജനാധിപത്യ ഭരണക്രമവും ജനാധിപത്യ വ്യവസ്ഥയും അഭിമുഖീകരിക്കുന്ന പ്രതിസന്ധികൾ കാണുമ്പോൾ ബോധ്യപ്പെടുന്ന കാര്യം. എന്നാൽ ഇത്തരം പ്രതിസന്ധികൾ വരുമ്പോഴെല്ലാം പ്രതിരോധ പ്രസ്ഥാനത്തിന്റെ രൂപത്തിലാണ് നമ്മൾ പലപ്പോഴും ഇടപെടാറുള്ളത്. പ്രതിരോധ പ്രസ്ഥാനങ്ങളുടെ വലിയൊരു പരിമിതിയും അതാണ്. സമൂഹത്തെ അടിസ്ഥാനപരമായി അഴിച്ചുപണിയുന്ന ജോലിയിലേക്ക് പ്രതിരോധ പ്രസ്ഥാനങ്ങൾ കടക്കാറില്ല. ഒരു അപകടത്തെ നേരിടുമ്പോൾ ആ അപകടത്തെ പ്രതിരോധിക്കുകയോ അതിനെ മറികടന്നുപോകാൻ പരിശ്രമിക്കുകയോ ചെയ്യുന്നതിനപ്പുറം ആ അപകടത്തിന്റെ പ്രഭവകേന്ദ്രത്തെ തൊട്ടറിയുന്ന, അതിനെ വിമർശനവിധേയമാക്കിക്കൊണ്ട് സമൂഹത്തെയും രാഷ്ട്രത്തെയും മറ്റൊരുതരത്തിൽ ഭാവന ചെയ്യാൻ ജനതയെ പ്രേരിപ്പിക്കുന്ന ഒരു പ്രസ്ഥാനമായി ഇത്തരം പ്രതിരോധ സമരങ്ങൾക്ക് മാറാൻ കഴിയില്ല എന്നതാണ് നമ്മൾ നേരിടുന്ന പ്രശ്നം. പ്രതിരോധ പ്രസ്ഥാനങ്ങൾ അപ്രസക്തമാണ് എന്ന വാദമല്ല ഞാൻ പറയുന്നത്. പക്ഷെ പ്രതിരോധ പ്രസ്ഥാനങ്ങളുടെ ഒരു പരിമിതി തൊട്ടറിയേണ്ട കാലഘട്ടമാണിത്. പൗരത്വ ഭേദഗതി നിയമവുമായി ബന്ധപ്പെട്ട ചർച്ചകളിൽ നിന്നും തന്നെ തുടങ്ങാം.

ഇന്ത്യൻ ഭരണഘടനയുടെ മൗലികമായ പ്രത്യേകത ഇന്ത്യൻ സമൂഹം നൂറ്റാണ്ടുകളായി കൊണ്ടുനടക്കുന്ന ജീവിത ബോധത്തേയും ധാർമ്മിക ബോധത്തെയും അത് അടിസ്ഥാനപരമായി വിച്ഛേദിക്കുന്നുണ്ട് എന്നതാണ്. ജനങ്ങൾ ജന്മനാ തുല്യരല്ല എന്ന് വിചാരിക്കുകയും അങ്ങനെ തുല്യരല്ലാതിരിക്കുന്നത് ദൈവത്തിന്റെ തീരുമാനമാണെന്ന് വിശ്വസിക്കുകയും ചെയ്യുന്ന സമൂഹമാണ് ഇന്ത്യ. ദൈവത്തോടുള്ള വിധേയത്വം കൊണ്ട് മനുഷ്യരോട് വിവേചനം കാണിക്കാൻ ഉത്തരവാദിത്ത



പ്പെട്ടവരായാണ് ഇന്ത്യാക്കാർ നൂറ്റാണ്ടുകളോളം ജീവിച്ചത്. മനുഷ്യരോട് വിവേചനം കാണിച്ചില്ലെങ്കിൽ ദൈവകോപമുണ്ടാകുമെന്ന് വിശ്വസിക്കുന്ന സമൂഹം. ഇന്ത്യക്കാരെല്ലാം ജാതി, മത, വർഗ്ഗ, വർണ്ണ ഭേദമില്ലാതെ തുല്യരാണെന്ന് ഭരണഘടനയുടെ 14-ാം വകുപ്പ് പറയുമ്പോൾ നൂറ്റാണ്ടുകളായി ഇന്ത്യയിൽ നിലനിന്നിരുന്ന ജീവിതബോധത്തെ തിരുത്താനാണ് ഭരണഘടന ശ്രമിക്കുന്നത്. 1950കൾ മുതൽത്തന്നെ ഇന്ത്യൻ ഭരണഘടനയ്ക്കെതിരെ ഉയർന്നുവരുന്ന വിശാലമായ യുദ്ധങ്ങളുടെ യഥാർത്ഥ പ്രഭവകേന്ദ്രം ഇന്ത്യൻ സമൂഹത്തെ അടിസ്ഥാനപരമായി മാറ്റിമറിക്കുന്ന, അതിന്റെ വിശ്വാസങ്ങളെ റദ്ദുചെയ്യുന്ന, അതിന്റെ ജീവതക്രമങ്ങളിൽ അടിഞ്ഞുകൂടിയിരിക്കുന്ന മനുഷ്യത്വ വിരുദ്ധതയെ തുടച്ചുമാറ്റുന്ന ഒട്ടനവധി വകുപ്പുകൾ, നിയമങ്ങൾ, നിർദ്ദേശങ്ങൾ ഇന്ത്യൻ ഭരണഘടനയിലൂടെ രൂപപ്പെട്ടുവരുന്നുണ്ട് എന്നതാണ്. സാമൂഹിക ധാർമ്മികതയും ഭരണഘടനാ ധാർമ്മികതയും തമ്മിലുള്ള ഈ വൈരുദ്ധ്യത്തെ ശരിയായ രീതിയിൽ മനസ്സിലാക്കാൻ ശ്രമിക്കുന്നില്ലെങ്കിൽ ഭരണഘടന മാറ്റിമറിക്കണം എന്ന് ആവശ്യപ്പെടുന്ന നിരുത്തരവാദപരമായ പ്രക്ഷോഭങ്ങൾക്കും സമരങ്ങൾക്കും നമ്മൾ ഇനിയും സാക്ഷ്യം വഹിക്കേണ്ടി വരും. ഇന്ത്യൻ സമൂഹത്തിന്റെ അടിസ്ഥാന സങ്കൽപ്പങ്ങളെയാണ് ഭരണഘടന തിരുത്താൻ ശ്രമിക്കുന്നത് എന്നത് വളരെ പ്രധാനപ്പെട്ട കാര്യമായി നമ്മൾ കാണണം. 1946-49 കാലത്ത് ഭരണഘടനാ അസംബ്ലി ആവർത്തിച്ച് ചർച്ച ചെയ്ത ഒരു കാര്യം ആർക്കാണ് പൗരത്വം നൽകേണ്ടത് എന്നതായിരുന്നു. വിഭജനത്തിന്റെ ദാരുണമായ അനുഭവങ്ങളിലൂടെ ഇന്ത്യ കടന്നുപോകുന്ന കാലഘട്ടമായിരുന്നു അത്. ലക്ഷക്കണക്കിനാളുകൾ അഭയാർത്ഥികളാക്കപ്പെടുകയും കൊല്ലപ്പെടുകയും ചെയ്ത അന്തരീക്ഷം അന്ന് ഉണ്ട്. അത്തരം അതിവൈകാരികമായ ഒരു സാഹചര്യത്തിൽ നിന്നാണ് ഇന്ത്യൻ ഭരണഘടന പൗരത്വത്തെക്കുറിച്ച് ചർച്ച ചെയ്യുന്നത്. മതപരമായ കാര്യങ്ങൾ പൗരത്വത്തിന് മാനദണ്ഡമാക്കണം എന്ന് പലരും അന്ന് പറഞ്ഞെങ്കിലും ഭരണഘടനാ അസംബ്ലി വിവേകത്തോടെ തീരുമാനിച്ച ഒരു കാര്യം ഇന്ത്യയുടെ ഭൂമിശാസ്ത്ര അതിർത്തിക്കുള്ളിൽ ജീവിക്കുന്ന മുഴുവൻ ആളുകൾക്കും പൗരത്വം ഉണ്ട് എന്നതാണ്. അതായത് ഇന്ത്യയിൽ ജനിച്ച ആർക്കും സ്വാഭാവികമായി കിട്ടുന്ന ഒന്നാണ് ഇന്ത്യൻ പൗരത്വം. ജാതിയോ, മതമോ, വർണ്ണമോ ഒന്നും പൗരത്വത്തെ നിർണ്ണയിക്കുന്നതിൽ പരിഗണിക്കപ്പെടില്ല എന്ന് ഇന്ത്യൻ ഭരണഘടനാ അസംബ്ലി അസന്നിഗ്ദ്ധമായി പറഞ്ഞു. ഇപ്പോൾ മതം പൗരത്വത്തെ നിർണ്ണയിക്കുന്നതിൽ ഒരു മാനദണ്ഡമായി വരുന്നതിലൂടെ ഭരണഘടനയുടെ അടിസ്ഥാന മൂല്യസങ്കൽപ്പത്തെ തന്നെയാണ് പുതിയ ഭേദഗതി അട്ടിമറിച്ചിരിക്കുന്നത്. ഒരു ജനാധിപത്യ ഭരണകൂടം ഒരു നിമയം നിർമ്മിക്കുമ്പോൾ അതിന്റെ പിന്നിലുള്ള യുക്തി നമുക്ക് വിശദീകരിക്കാൻ കഴിയണം. രാഷ്ട്രത്തിന്റെ നിലനിൽപ്പുമായി ബന്ധപ്പെട്ടും അതിന്റെ താത്പര്യങ്ങളുമായി ബന്ധപ്പെട്ടും ജനാധിപത്യപരമായി തന്നെ നമുക്ക് അത് വിശദീകരിക്കാൻ കഴിയണം. എന്നാൽ പൗരത്വഭേദഗതി നിമയം അങ്ങനെ വിശദീകരിക്കാൻ കഴിയാത്ത ഒരു നിമയമാണ്. അതുകൊണ്ടാണ് ലോകത്തെമ്പാടുമുള്ള മനുഷ്യർക്ക് പ്രഥമദൃഷ്ട്യാ ഇത് വിവേചനത്തെ പ്രോത്സാഹിപ്പിക്കുന്ന നിയമമാണെന്ന് വ്യക്തമായത്. വിവേചനത്തെ നിയമപരമായി എസ്റ്റാബ്ലിഷ് ചെയ്യുകയും പരസ്യമായി പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്നത് ഒരു ജനാധിപത്യ ഗവൺമെന്റ് ഒരിക്കലും ചെയ്യാൻ പാടില്ലാത്ത കാര്യമാണ്. ഈ വിവേചനത്തിന്റെ വേരുകളാണ് നമ്മൾ അന്വേഷിക്കേണ്ടത്. പലപ്പോഴും നമ്മുടെ പ്രതിഷേധങ്ങളിൽ കാണാറുള്ളത് മോദിയും അമിത്ഷായും ശരിയല്ല എന്ന മുദ്രവാക്യങ്ങളാണ്. അല്ലെങ്കിൽ പൗരത്വബില്ല് പിൻവലിക്കണം എന്ന് പറയും. അവിടെ തീർന്നുപോകുന്നു നമ്മുടെ പ്രതിഷേധങ്ങൾ. പിന്നീട് എന്ത് എന്ന ചോദ്യത്തെ പ്രതിഷേധങ്ങൾ പലപ്പോഴും അഡ്രസ് ചെയ്യുന്നില്ല. ഒരു പുതിയ ജനാധിപത്യ മുന്നേറ്റത്തിന്റെയും ജനാധിപത്യ ഭാവനയുടെയും ആവശ്യം വരുന്നത് അവിടെയാണ്. മോദിയിൽ നിന്നും ജനങ്ങളെ മോചിപ്പിച്ച് കോൺഗ്രസിന് കൊടുക്കണോ എന്നതാണ് നമുക്ക് മുന്നിലുള്ള ചോദ്യം. എല്ലാക്കാലത്തും അത്തരത്തിൽ ഒരാളിൽ നിന്നും ജനങ്ങളെ മോചിപ്പിച്ച് മറ്റൊരാൾക്ക് കൊടുക്കുന്ന പണിയാണ് പ്രതിഷേധ സമരങ്ങൾ ചെയ്യാറുള്ളത്. ജനങ്ങൾക്ക് ആത്യന്തികമായി മുന്നോട്ടുപോകാനുള്ള ഒരു പാത നമ്മൾ തുറക്കുന്നില്ല. അത് നമ്മുടെ ഒരു പരിമിതിയാണ്.

പൗരത്വഭേദഗതിയുമായി ബന്ധപ്പെട്ട് നമ്മൾ യഥാർത്ഥത്തിൽ ചർച്ച ചെയ്യേണ്ട ഒരു കാര്യം ഈ മു

സ്ലീം വിരുദ്ധതയുടെ വേരുകൾ അന്വേഷിക്കുക എന്നതാണ്. ആ അന്വേഷണം നമ്മളെ എത്തിക്കുന്നത് ഇന്ത്യൻ ബ്രാഹ്മണ്യത്തിന്റെ തത്വബോധത്തിലേക്കും സാമൂഹ്യബോധത്തിലേക്കുമാണ്. ഇന്ത്യയിലെ മുസ്ലീങ്ങൾ ഭീകരമായ എന്തെങ്കിലും കുഴപ്പമുണ്ടാക്കിയിട്ടല്ല മുസ്ലീങ്ങൾക്കെതിരായ ഒരു വിവേചനത്തെ ഭരണകൂടം തന്നെ മുൻകൈയെടുത്ത് എസ്റ്റാബ്ലിഷ് ചെയ്യാൻ ശ്രമിക്കുന്നത്. 1924ൽ രൂപംകൊള്ളുന്ന ആർ.എസ്.എസിന്റെ ഔദ്യോഗിക തത്വശാസ്ത്രത്തിൽ പറയുന്നപോലെ ഹിന്ദുവിനെ ഐക്യപ്പെടുത്താൻ പുറത്ത് ഒരു ശത്രുവിനെ ചൂണ്ടിക്കാണിക്കേണ്ടി വരും. അതുപോലെ ആരാണ് ഇന്ത്യാക്കാരൻ എന്നതിനെ അവർ കൃത്യമായി ഡിഫൈൻ ചെയ്യുന്നുണ്ട്. പുറത്ത് ഒരു ശത്രുവിനെ ചൂണ്ടിക്കാണിക്കാതെ ഹിന്ദുവിനെ ഐക്യപ്പെടുത്താൻ കഴിയില്ല. ഹിന്ദു എന്നത് ഒരു നിർമ്മിതിയാണ്. അത് വളരെ ബോധപൂർവ്വം നിർമ്മിച്ചെടുത്ത കാര്യമാണ്. അങ്ങനെയൊരു ജന്തു യഥാർത്ഥത്തിൽ ഇന്ത്യയുടെ ചരിത്രത്തിലില്ല. ജാതികൾ മാത്രമേ നമുക്ക് ഇവിടെ കാണാൻ കഴിയൂ. പരസ്പരം കൊന്നും തിന്നും ജീവിച്ച ജാതികളെ ശക്തിപ്പെടുത്താൻ വേണ്ടി പുറത്ത് ഒരു ശത്രുവിനെ നിർമ്മിച്ചതിന്റെ ഭാഗമായി ഉണ്ടായതാണ് ഇന്ത്യൻ മുസ്ലീം അപകടകാരിയാണ് എന്ന പ്രചരണം. ആരാണ് യഥാർത്ഥ ഇന്ത്യാക്കാരൻ എന്ന ചോദ്യത്തിന് ഉത്തരം ഗോൾവർക്കർ പറയുന്നുണ്ട്. ഇന്ത്യ പിതൃരാജ്യവും പുണ്യഭൂമിയും ആണെന്ന് വിചാരിക്കുന്നവർ ആണ് ഇന്ത്യക്കാർ എന്നും ലോകത്ത് മറ്റെവിടെയെങ്കിലും പുണ്യഭൂമി ഉള്ളവർ അത്തരം വിശ്വാസങ്ങളെല്ലാം മാറ്റിവച്ചിട്ട് ഹിന്ദു പാരമ്പര്യത്തെയും ഹിന്ദു വിശ്വാസത്തെയും ആദരിക്കുകയും അവകാശവാദങ്ങൾ എതുമില്ലാതെ ഇവിടെ ജീവിക്കുകയും വേണം എന്നും ഗോൾവർക്കർ പരസ്യമായി ത്തന്നെ പറയുന്നുണ്ട്. ഈ വാക്യം എറ്റെടുക്കുന്ന ആരും അന്യമതസ്ഥനെ ശത്രുവായി പ്രഖ്യാപിക്കും എന്നതിൽ ഒരു തർക്കവുമില്ല. വിദ്വേഷങ്ങളുടെ വേര് ഇവിടെയാണ് കിടക്കുന്നത്. ആർ.എസ്.എസ് ഇന്ത്യയെ ഭാവന ചെയ്തിരിക്കുന്നത് അതിന്റെ പുണ്യപുരാതന സ്വത്വത്തിലാണ്. ഈ പുണ്യപുരാതന സ്വത്വത്തെ ശരിയായ രീതിയിൽ പ്രശ്നവത്കരിക്കാൻ കഴിയുന്നില്ലെങ്കിൽ നമുക്ക് ജനാധിപത്യത്തെക്കുറിച്ച് സംസാരിക്കാൻ കഴിയില്ല. ഈ പുണ്യപുരാതന സ്വത്വത്തെ അടിസ്ഥാനപരമായി ചോദ്യം ചെയ്ത ഒരു ബുദ്ധിജീവി ഡോ. അംബേദ്കർ ആയിരുന്നു. അദ്ദേഹം ഗാന്ധിയോട് പറഞ്ഞത്, ഗാന്ധി എനിക്കൊരു മാതൃരാജ്യം ഇല്ല എന്നാണ്. എന്റെ ജനതയെ പുഴുക്കളെപ്പോലെ കരുതുന്ന ഈ നാട് എന്റെ മാതൃരാജ്യമാണെന്ന് എങ്ങനെ ഞാൻ കരുതുമെന്നാണ് അദ്ദേഹം ചോദിക്കുന്നത്. ഈ പുണ്യപുരാതന സ്വത്വത്തിൽ ഒരു വിശ്വാസവും അദ്ദേഹം അർപ്പിച്ചില്ല എന്നു മാത്രമല്ല, ഈ സ്വത്വത്തിന്റെ അടിയിൽ കിടക്കുന്ന ഐഡിയോളജിക്കൽ പരിസരങ്ങളെ കർശനമായി നേരിടുന്ന ഒരു വൈജ്ഞാനികധാരയെ അംബേദ്കർ മുന്നോട്ടുവയ്ക്കുകയും ചെയ്തു. അതുകൊണ്ടാണ് രാജ്യം ഇത്രവലിയ പ്രതിസന്ധിയിൽ അകപ്പെടുമ്പോൾ അംബേദ്കറുടെ ഫോട്ടോ തെരുവിൽ പ്രത്യക്ഷമാകുന്നത്. ജാമിയയിൽ ആയാലും ജമാമസ്ജിദിൽ ആയാലും ഇങ്ങ് കൊച്ചിയിൽ ആയാലും അംബേദ്കറുടെ ഫോട്ടോ വരുന്നത് യാദൃശ്ചികമായല്ല.

ഹിന്ദു എന്നത് വ്യാജമായ സ്വത്വമാണ്. ബ്രാഹ്മണ്യമാണ് ഇന്ത്യൻ ദേശരാഷ്ട്രത്തിന്റെ അടിത്തറ. മുസ്ലീങ്ങളോടുള്ള വിരോധത്തിന്റെ വേരുകൾ കിടക്കുന്നത് ഈ ബ്രാഹ്മണ്യത്തിലാണ്. ഒരാൾ ബ്രാഹ്മണൻ ആണോ എന്നതല്ല, ബ്രാഹ്മണ്യത്തെ സേവിക്കുന്നുണ്ടോ എന്നതാണ് അയാളെ ബ്രാഹ്മണ്യത്തിന്റെ ഭാഗമാക്കുന്നത്. പൗരത്വരജിസ്റ്ററിൽ പറയുന്ന വിവേചനത്തിന്റെ വേരുകൾ കിടക്കുന്നത് പൊതുബോധത്തിൽ വ്യാപകമായി വിന്യസിക്കപ്പെട്ടിരിക്കുന്ന ബ്രാഹ്മണ്യത്തിലാണ്. ഉൾക്കൊള്ളലല്ല, ഉപേക്ഷിക്കലാണ് ബ്രാഹ്മണ്യത്തിന്റെ തത്വശാസ്ത്രം. അപരനെ ഉൾക്കൊള്ളണം എന്നോ അവരോട് സ്നേഹപൂർവ്വം പെരുമാറണമെന്നോ ബ്രാഹ്മണ്യം പഠിപ്പിക്കുന്നില്ല. മറിച്ച് അവനെ സ്പർശിക്കരുത് എന്നാണ് പറയുന്നത്. സ്പർശിക്കുക എന്ന് പറയുന്നത് മനുഷ്യരെ സംബന്ധിച്ച് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഈ സ്പർശനത്തെ താത്വികമായി വിലക്കിയ തത്വശാസ്ത്രമാണ് ബ്രാഹ്മണ്യം. സംഘപരിവാർ പറയുന്ന വിദ്വേഷത്തിന്റെ വേരുകൾ ഇവിടെയാണ് നമ്മൾ കാണേണ്ടത്.

പൗരത്വബില്ലിനും പൗരത്വരജിസ്റ്ററിനും എതിരെ നടക്കുന്ന ദേശവ്യാപകമായ സമരങ്ങളിൽ സർക്കാർ പതറിയിട്ടുണ്ട്. മോദിയുടെയും അമിത്ഷായുടെയും പ്രസ്താവനകളിലെ വൈരുദ്ധ്യം അതാണ് കാണിക്കുന്നത്. ഒടുവിൽ ഇന്ത്യയിലെ ദലിതരുടെ രക്ഷയ്ക്കായാണ് പൗരത്വനിയമം നടപ്പിലാക്കിയത് എന്നുവരെ മോദി പറഞ്ഞു. ചന്ദ്രശേഖർ ആസാദിനെ അറസ്റ്റ് ചെയ്തതിന് ശേഷമാണ് ഈ പ്രസ്താവന വന്നത് എന്നോർക്കണം. മുസ്ലീം പള്ളിയുടെ ഉള്ളിൽ ഭരണഘടന ഉയർത്തിപ്പിടിച്ച് സമരം ചെയ്തു എന്നതാണ് അദ്ദേഹത്തിന്റെ സമരത്തിന്റെ ഏറ്റവും വലിയ പ്രത്യേകത. മുസ്ലീങ്ങൾക്കിടയിൽ സ്ത്രീകൾക്ക് തുല്യതയില്ല അതുകൊണ്ട് അവരെ കൂടെക്കൂട്ടുന്നത് ശരിയല്ല എന്ന് പറയുന്ന ലെഫ്റ്റ് ലിബറലുകളുണ്ട്. ഈ സമയത്ത് അത്തരം വാദങ്ങൾ ഉന്നയിക്കുന്നത് ശുദ്ധ അസംബന്ധമാണ്. മുസ്ലീങ്ങളെ ബ്രാഹ്മണിക്കൽ ബോധ്യങ്ങളാൽ പിന്തള്ളുന്നവർ ഒരുവശത്തും സ്ത്രീകൾക്ക് തുല്യതയില്ല എന്നു പറഞ്ഞ് പിന്തുള്ളുന്നവർ മറ്റൊരുവശത്തും. രണ്ട് കൂട്ടരും ചെയ്യുന്നത് പുറന്തള്ളൽ തന്നെയാണ്. പുറന്തള്ളലിലേക്കല്ല, ഉൾക്കൊള്ളലിലേക്കാണ് നമ്മൾ പോകേണ്ടത്. അതാണ് ചന്ദ്രശേഖർ ആസാദ് ചെയ്തത്. ഭരണഘടന ഉയർത്തിപ്പിടിച്ചുകൊണ്ട് ചന്ദ്രശേഖർ ആ

സാദ് ആ മുസ്ലീം പള്ളിയിൽ നിൽക്കുമ്പോൾ സംഘപരിവാർ ഏറ്റവും കൂടുതൽ ഭയപ്പെടുന്ന ഒരു കാര്യമാണ് ഇന്ത്യയിൽ സംഭവിക്കുന്നത്. ഹിന്ദുത്വത്തെ പരാജയപ്പെടുത്താൻ നമുക്ക് മുന്നിൽ ഒരു വഴി മാത്രമേയുള്ളൂ. ഹിന്ദുവാണെന്ന് തെറ്റിദ്ധരിച്ച് അവരുടെ കൂടെ നിൽക്കുന്ന പിന്നാക്കക്കാരേയും ദലിതരെയും ആദിവാസികളെയും രാഷ്ട്രീയമായി പിൻവലിക്കാൻ കഴിയും. ചന്ദ്രശേഖർ ആസാദിനെപ്പോലെയുള്ള നേതാക്കൾ അതാണ് ചെയ്യുന്നത്. അവർ പറയുന്നത് വലിയ ജനാവലി കേൾക്കുന്നുണ്ട്. അങ്ങനെ ഒടുവിൽ സവർണ്ണർ ന്യൂനപക്ഷമായി പരിണമിക്കണം. അതുമാത്രമാണ് ഈ പ്രതിസന്ധികൾക്ക് ഒരു പരിഹാരം.

ഇപ്പോൾ നടക്കുന്ന സമരങ്ങൾ എങ്ങനെയാണ് മുന്നോട്ടുപോകേണ്ടത്? ഇത് അക്രമത്തിലേക്ക് നീങ്ങണം എന്നാണ് സർക്കാർ ആഗ്രഹിക്കുന്നത്. അക്രമത്തിലേക്ക് നീങ്ങിയാൽ അടിച്ചമർത്താൻ എളുപ്പമാണ്. ഈ നിമയത്തിന് ചട്ടങ്ങളുണ്ടാക്കി ഗവൺമെന്റ് പിന്നെയും മുന്നോട്ടുനീങ്ങുകയാണെങ്കിൽ അത് പരാജയപ്പെടുത്താൻ നിസഹകരണം മാത്രമാണ് മാർഗ്ഗം. നിസഹകരണ പ്രസ്ഥാനം അഖിലേന്ത്യാ അടിസ്ഥാനത്തിൽ രൂപപ്പെട്ട് വരണം. ഇപ്പോൾ നടക്കുന്ന മുഴുവൻ വിയോജിപ്പുകളും ആത്യന്തികമായി ഒരു നിസഹകരണ പ്രസ്ഥാനമായി മാറണം. ഇന്ത്യയിലെ പൗരന്മാർ പൗരത്വ രജിസ്റ്ററുമായി സഹകരിക്കില്ല എന്ന് പറയുന്ന സമാധാനപൂർണ്ണമായ ഒരു സമരത്തിലേക്ക് നമുക്ക് കടക്കാൻ കഴിഞ്ഞാൽ അതിന് വിജയത്തിലേക്ക് എത്താൻ കഴിയും. നിമയം നിർമ്മിച്ച ചക്രവർത്തി എത്ര ശക്തനാണെങ്കിലും എന്റെ മനസ്സാക്ഷിക്ക് നിരക്കുന്നതല്ലെങ്കിൽ ആ നിയമം അംഗീകരിക്കാൻ ഞാൻ തയ്യാറല്ല എന്ന് ഗാന്ധി ഒരിക്കൽ പറഞ്ഞതുപോലെ നമുക്ക് പറയാൻ കഴിയണം. അത്തരം ഒരു മൂവ്മെന്റ് ഉണ്ടായാൽ ഭരണാധികാരികൾക്ക് തീർച്ചയായും പരാജയം രുചിക്കേണ്ടി വരും. അവിടെ നിർത്താൻ പാടില്ല. ഈ പ്രക്ഷോഭങ്ങൾ സ്വയം ഒരു രാഷ്ട്രീയത്തെ മുന്നോട്ടുകൊണ്ടുവന്നിട്ടുണ്ട്. അതിൽ ഏറ്റവും പ്രധാനം ഇന്ത്യയെ ഒരു ജനാധിപത്യ രാഷ്ട്രമായി നിലനിർത്തുക എന്നതാണ്. ജനാധിപത്യത്തിന്റെ മൂല്യങ്ങളെ തിരിച്ചുപിടിക്കുന്ന, അതിനെ കൂടുതൽ ഉറപ്പിച്ചുനിർത്തുന്ന ഒരു മൂവ്മെന്റ് ആണ് രൂപപ്പെട്ടിട്ടുള്ളത്. ഈ പ്രക്ഷോഭങ്ങൾ ഉൾക്കൊള്ളുന്ന പുതുരാഷ്ട്രീയത്തെ മുന്നോട്ടുകൊണ്ടുപോകാൻ നമുക്ക് കഴിഞ്ഞാൽ മാത്രമേ അതിന് ഫലപ്രാപ്തിയുണ്ടാകൂ. പ്രക്ഷോഭങ്ങൾ എല്ലാം അവസാനിച്ച് പഴയ താവളങ്ങളിലേക്ക് ജനങ്ങൾ മടങ്ങിപ്പോകുന്ന അവസ്ഥയുണ്ടാകരുത്. ഒരു പുതിയ പ്രസ്ഥാനത്തിന്റെ രൂപത്തിൽ ആവിഷ്കരിക്കാൻ കഴിഞ്ഞാൻ മാത്രമേ ഈ പ്രക്ഷോഭം ആത്യന്തികമായി വിജയമാകൂ.

ഏതുതരം ഇന്ത്യയാണ് നിർമ്മിക്കപ്പെടേണ്ടത് എന്നതിനെക്കുറിച്ചും അതിന് എന്തെല്ലാമാണ് ചെയ്യേണ്ടത് എന്നതിനെക്കുറിച്ചും ബി.ജെ.പിക്ക് വ്യക്തമായ പദ്ധതിയുണ്ട്. നമുക്ക് അത്തരത്തിലുള്ള ഒരു പദ്ധതി ഇല്ല എന്നതാണ് പ്രശ്നം. പൗരത്വരജിസ്റ്ററുമായി ബന്ധപ്പെട്ട് ഇന്ന് വിദ്യാർത്ഥികളും ന്യൂനപക്ഷങ്ങളും നയിക്കുന്ന പ്രക്ഷോഭങ്ങളെ മുന്നോട്ടുകൊണ്ടുപോകാൻ പ്രതിപക്ഷ രാഷ്ട്രീയകക്ഷികൾ പര്യാപ്തമല്ല എന്ന് നമുക്കറിയാം. അതിനർത്ഥം ആ രാഷ്ട്രീയപാർട്ടികളെല്ലാം പിരിച്ചുവിടണം എന്നല്ല. ജനാധിപത്യ ഇന്ത്യയെക്കുറിച്ച് പുതിയൊരു രാഷ്ട്രീയഭാവനയാണ് ഇന്ന് ഇന്ത്യയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ബി.ജെ.പി എന്നും പേടിക്കുന്ന ഒരു സാമൂഹിക ധ്രുവീകരണത്തിനാണ് ഇന്ത്യ സാക്ഷ്യം വഹിക്കുന്നത്. ആ ധ്രുവീകരണത്തെ മുന്നോട്ടുകൊണ്ടുപോകണമെങ്കിൽ നമുക്ക് ഒരു പുതിയ രാഷ്ട്രീയ ഭാവന ഉണ്ടാകണം.

ഇന്ത്യൻ ജനാധിപത്യത്തിന്റെ പ്രധാനപരിമിതി അത് ഘടനാപരമായിത്തന്നെ ചില സാമൂഹിക/മത വിഭാഗങ്ങളെ പുറന്തള്ളുന്നു എന്നതാണ്. ഈ പുറന്തള്ളൽ നിരന്തരം നടക്കുന്ന സമൂഹത്തിൽ ജനാധിപത്യം പ്രാവർത്തികമാകണമെങ്കിൽ ഇന്ത്യയിലെ വ്യത്യസ്ത സാമൂഹിക വിഭാഗങ്ങൾക്കിടയിൽ ഐക്യപ്പെടലിനുള്ള സാധ്യതകൾ തുറക്കേണ്ടതുണ്ട്. ഇന്ന് നമ്മുടെ സമൂഹത്തിൽ ഇല്ലാത്തത് അതാണ്. ഇന്ത്യൻ പാരമ്പര്യം ഋഷി പാരമ്പര്യം മാത്രമല്ല. ഇന്ത്യയിൽത്തന്നെ വേറെ ചരിത്രധാരകൾ ഉണ്ട്. അതിലൊന്നാണ് മൈത്രി/സാഹോദര്യം എന്ന സങ്കൽപ്പം. നമ്മുടെ സമൂഹത്തിലെ വ്യത്യസ്തങ്ങളായ ജനവിഭാഗങ്ങൾക്കിടയിൽ മൈത്രിയെ പ്രതിഷ്ഠിക്കാൻ കഴിയുന്ന സാമൂഹിക പുനഃസംഘടനയെക്കുറിച്ചുള്ള സങ്കൽപ്പം ഉണ്ടായിവരണം. അങ്ങനെയൊരു സങ്കൽപ്പം ഉണ്ടെങ്കിൽ മാത്രമേ നമ്മൾ പ്രവർത്തിക്കുന്നിടത്ത് ആരെങ്കിലും ഒഴിവാക്കപ്പെടുന്നുണ്ടോ എന്നത് നമ്മുടെ ഒരു ആശങ്കയും പരിഗണനയുമായി വരുകയുള്ളൂ. സോഷ്യൽ ഡെമോക്രസി എന്ന സങ്കൽപ്പത്തിന്റെ അടിസ്ഥാനത്തിൽ സാമൂഹ്യ പുനഃസംഘടനയെ കേന്ദ്ര പ്രമേയം ആക്കുന്ന രാഷ്ട്രീയ ഭാവന സാധ്യമാകണം. രണ്ട് മനുഷ്യർ തമ്മിലുള്ള ഇടപാടിൽ സമത്വവും സാഹോദര്യവും സ്വാതന്ത്ര്യവും പുലരുന്നുണ്ടോ എന്ന് പരിശോധിക്കുന്ന ഒരു പൗരസമൂഹം സാധ്യമാകണം. അത്തരം ഒരു പൗരസമൂഹത്തിനേ ഈ ഡീപ് ക്രൈസിസിൽ നിന്നും ഇന്ത്യയെ രക്ഷിക്കാൻ കഴിയൂ. നമ്മുടെ സമൂഹത്തിൽ അനീതി ഉണ്ട് എന്നതല്ല പ്രശ്നം, അത് അനീതിയാണോ എന്നറിയാതെയാണ് പലരും ജീവിക്കുന്നത് എന്നതാണ് പ്രശ്നം. ജനാധിപത്യത്തിന്റെ മൂല്യങ്ങൾ നമ്മുടെ സമൂഹത്തിൽ പ്രവർത്തിക്കാതെയായിട്ട് നാളുകളായി. സാമൂഹ്യജനാധിപത്യത്തെക്കുറിച്ച് വീക്ഷണങ്ങളുള്ള ഒരു നവീന ജനാധിപത്യ പ്രസ്ഥാനത്തിന്റെ പ്രാധാന്യം അതാണ്. ഉപേക്ഷിക്കപ്പെട്ട മനുഷ്യരുടെ പ്രശ്നങ്ങൾ രാഷ്ട്രീയമായി ഉയർത്തിക്കൊണ്ടുവരാൻ വേറെ വഴിയില്ല. ■